DESPATCHED
14/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 66(2)/2022**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **4898**/എസ്.ഐ.സി-ജി 6/22)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി റ്റി.ജി.ജലജ,
W/o കെ.അച്യുതൻ,
അയ്യാനിക്കാട്ട് ഹൗസ്,
34/1131, ബി.റ്റി.ആർ. റോഡ്,
ഇടപ്പള്ളി പി.ഒ., കൊച്ചി – 682 024. } പരാതി ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം പത്തനംതിട്ട.
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& പൊതുമരാമത്ത് വകുപ്പ് നിരത്തു ഉപവിഭാഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പത്തനംതിട്ട.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.01.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.02.2022 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.03.2022 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.03. 2022 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി റ്റി.ജി.ജലജ, 17.03.2022ന് സമർപ്പിച്ച പരാതി ഹർജി 21.03.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.66(2)/22/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ രണ്ടാം എതിർകക്ഷിയ്ക്ക് കൈമാറി യെങ്കിലും രണ്ടാം എതിർകക്ഷിയിൽ നിന്നും മറുപടി ലഭിച്ചില്ല എന്നാണ്.

3. പരാതി ഹർജിക്കാരി 27.01.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കോന്നി താലൂക്കിൽ പ്രമാടം വില്ലേജിൽ പൂങ്കാവ്-പാറക്കടവ് പി.ഡബ്ലി യു.ഡി. റോഡിൽ നേതാജി സ്കൂൾ മുതൽ പാറക്കടവു വരെ നടത്തിവരുന്ന റോഡു പണിയുടെ Name of Work എന്താണെന്ന് അറിയിക്കണമെന്നും

2) റോഡു പണി ചെയ്യുന്നതിന് നൽകിയ കോൺട്രാക്ട് എഗ്രിമെന്റിന്റെ സർട്ടിഫൈഡ് കോപ്പി, തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 01.02.2022ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താ വിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യ ങ്ങൾക്കുള്ള മറുപടി വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം ടിയാൾക്ക് നേരിട്ട് നൽകുന്നതിനായി വിവരാവകാശ ഓഫീസർ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ് നിരത്ത് ഉപ വിഭാഗം, പത്തനംതിട്ടയ്ക്ക് അപേക്ഷയുടെ പകർപ്പ് അയച്ചു കൊടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നുവെന്നുമാണ്.

4. 28.01.2023ന് കമ്മീഷൻ തിരുവല്ല പി.ഡബ്ലിയു.ഡി.റസ്റ്റ് ഹൗസ് കോൺഫ റൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരിയുടെ പ്രതി നിധിയും രണ്ടാം എതിർകക്ഷിയും ഹാജരായിരുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷി കളെയും കേട്ടതിലും, ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷ 01.02.2022ന് പൊതുമരാമത്ത് നിരത്തു ഉപവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ടെന്നും 18.02.2022ന് പ്രസ്തുത ഓഫീസിൽ ലഭിച്ച അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും രണ്ടാം

എതിർകക്ഷി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഈ പരാതി ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി(നിയമം)**
Ge/